പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 914 | 08-01-2014-ൽ മറുപടിക്ക്

## മുരിക്കംപാടം ഉപരിതല സംഭരണിയുടെ കമ്മീഷനിംഗ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ. | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |

(എ) മുരിക്കംപാടത്ത് നിർമ്മാണം നടന്നുവരുന്ന 11.8 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല സംഭരണിയുടെ കമ്മീഷനിംഗ് 2013 ഒക്ടോബറിൽ പ്രതീക്ഷിക്കുന്നതായി നിയമസഭാ ചോദ്യത്തിന് മറുപടിയായി നൽകിയിരുന്നുവെങ്കിലും പ്രസ്തുത പ്രവൃത്തി അനിശ്ചിതമായി നീണ്ടുപോകുന്നതിനുള്ള തടസ്സം എന്തെന്ന് വ്യക്തമാക്കാമോ;

(എ) പ്രസ്തുത സംഭരണി നിർമ്മിക്കുന്നതിന് പഞ്ചായത്ത് ഏറ്റെടുത്തു നൽകിയ സ്ഥലത്തിന് തൊട്ടടുത്ത സ്ഥലമുടമയുമായി കോടതിയിൽ കേസ് വരികയും ആയതുകൊണ്ട് പണികൾ ആരംഭിക്കുന്നതിന് താമസം നേരിടുകയും കേസ് തീർപ്പാക്കിയതിനുശേഷം പണികൾ ആരംഭിക്കുകയും പൈലിംഗ് മുഴുവൻ പൂർത്തിയാക്കുകയും ഒരെണ്ണം ടെസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി കോൺട്രാക്ടർക്ക് വൈപ്പിനിലെ മറ്റ് മൂന്ന് സംഭരണികളുടെ പണിയുമായി ബന്ധപ്പെട്ട് യഥാസമയം ബില്ല് മാറി നൽകാത്തതിനാൽ പണികൾ മുടങ്ങുകയുണ്ടായി. 13.9.2013-ൽ കരാറുകാരന് 56 ലക്ഷം രൂപ ടി സംഭരണി നിർമ്മാണത്തിന് നൽകുകയും ചീഫ് എഞ്ചിനീയർ വിളിച്ചുകൂട്ടിയ യോഗത്തിൽ 30.6.2014 നുള്ളിൽ രണ്ട് ടാങ്കുകളുടെ പണികൾ പൂർത്തീകരിക്കാൻ കരാറുകാരന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന പണികൾ നിശ്ചിതസമയ പരിധിക്കുള്ളിൽ തീർക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| (ബി) | ഈ പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി നിശ്ചയിച്ച കാലാവധി എത്രയെന്നും എത്ര തവണ സമയം ദീർഘിപ്പിച്ചു നൽകിയെന്നും വ്യക്തമാക്കാമോ; | (ബി) | ടി വർക്കിന്റെ കാലാവധി 20.12.2011 മുതൽ 19.12.2012 വരെയായിരുന്നത് ഒരു തവണ ദീർഘിപ്പിച്ച് 30.9.2013 വരെ നൽകിയിരുന്നു. |
| (സി) | ഇത്തരത്തിൽ സമയം ദീർഘിപ്പിച്ച് നൽകിയതുമൂലം ഉണ്ടായ ധന നഷ്ടം എത്രയെന്ന് വ്യക്തമാക്കാമോ; | (സി) | ഇതുമൂലം സംഭരണ നിർമ്മാണത്തിനായി ധനനഷ്ടം ഉണ്ടായിട്ടില്ല. |
| (ഡി) | ടാങ്കിന്റെ നിർമ്മാണപ്രവൃത്തി അനിശ്ചിതമായി നീട്ടിക്കൊണ്ട് പോകുന്നതിന് ഉത്തരവാദികളായവർക്കെതിരെ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ? | (ഡി) | പണികൾ പൂർത്തീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ